ഴ്നാട് സർക്കാരിന് നൽകുന്നതിനും വേണ്ടി തമിഴ്നാട് സർക്കാരുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ചിറ്റൂർ പഞ്ചസാര ഫാക്ടറി ഊർജ്ജിത കരിമ്പ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

271 (1450) കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിക്വിഡേറ്റ് ചെയ്യുന്ന നടപടി

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിക്വിഡേറ്റ് ചെയ്യുമ്പോൾ റിഫ്രാക്ടറീസിനുവേണ്ടി പെരുമണ്ണിൽ പൊന്നുംവിലയ്ക്ക് എടുത്ത ഭൂമി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനി ലിക്വിഡേറ്റ് ചെയ്യുന്ന സാഹചര്യത്തിൽ ഈ സ്ഥാപനത്തിൽ 13 വർഷത്തിലേറെക്കാലമായി ജോലിനോക്കി വരുന്ന ജീവനക്കാരെ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിയമിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്ന ഹൈടെക് കയർ പാർക്കിനുവേണ്ടിയും സിഡ്കോയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന മിനി ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടിയും പ്രസ്തുത സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) അപ്പോൾ പരിശോധിക്കുന്നതാണ്.

272 (1451) ചിറ്റൂർ ഷുഗർ ഫാക്ടറി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക പഞ്ചസാര ഉൽപ്പാദന കേന്ദ്രമായ ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് കരിമ്പ് നൽകുന്ന കർഷകർക്ക് ഉൽപ്പാദനച്ചെലവിന് ആനുപാതികമായി വില നൽകുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 1999-2000 സീസണിലേക്ക് നിശ്ചയിച്ച വില ടണ്ണിന് എത്രയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഹൈഷുഗർ റിച്ച് വെറൈറ്റിക്ക് ടണ്ണൊന്നിന് 900 രൂപ നിരക്കിലും ഷുഗർ റിച്ച് വെറൈറ്റിക്ക് ടണ്ണൊന്നിന് 790 രൂപ നിരക്കിലും മറ്റിനങ്ങൾക്ക് ടണ്ണൊന്നിന് 755 രൂപ നിരക്കിലും നിശ്ചയിച്ചിരിക്കുന്നു. ഇതുകൂടാതെ ടണ്ണൊന്നിന് ഏകദേശം 50/- രൂപ നിരക്കിൽ കരിമ്പിന്റെ പൂർണ്ണമായ കടത്തുകൂലിയും കമ്പനിയാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly